ഹയർ സെക്കന്ററി ഡയറക്ടറുടെ
കാര്യാലയം ഹൗസിംഗ് ബോർഡ്
ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം

നമ്പർ.എഡി. ബി7/21747/എച്ച്.എസ്.ഇ/2014 തീയതി :19/01/2015

# സർക്കുലർ

വിഷയം:-ഹ.സെ.വി. പുതുതായി പ്രിൻസിപ്പാൾ തസ്തികയിലെ നിയമനം – സംബന്ധിച്ച്

സൂചന :- 1) ജി.ഒ. (ആർ.റ്റി) നം.5794/14/G.Edn dated 31/12/2014
2) 07/01/2015 ലെ ഡയറക്ടറേറ്റിലെ എഡി. /21747/എച്ച്.എസ്.ഇ/14 നമ്പർ Endorsement

മേൽ സൂചനയിലെ സർക്കാർ ഉത്തരവ് പകാരം പ്രിൻസിപ്പൽ തസ്തികയിലേക്ക് പ്രമോഷൻ ലഭിച്ച എച്ച്.എസ്.എസ്.റ്റി മാർ www.hscap.kerala.gov.in/transfer എന്ന വെബ്പേജ് വഴി ഓൺലൈനായി വിടുതൽ ചെയ്യുകയും ഓൺലൈനിൽതന്നെ പുതിയ സ്കൂളിൽ പ്രിൻസിപ്പലായി ജോലിയിൽ പ്രവേശിക്കേണ്ടതുമാണ്. ഇത്തരം പ്രമോഷൻ ലഭിച്ച ചില എച്ച്.എസ്.എസ്.റ്റി മാർ ഓൺലൈൻ ആയി 'leftservice' എന്ന Releiving Reason വഴി വിടുതൽ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്, അത്തരം എച്ച്.എസ്.എസ്.റ്റിമാർ ഒരിക്കൽകൂടി പഴയസ്കൂളിൽ നിന്നും 'Promotion' എന്ന Releiving Reason വഴി വിടുതൽ ചെയ്യേണ്ടതാണ് എങ്കിൽ മാത്രമേ അത്തരം എച്ച്.എസ്.എസ്.റ്റി മാർക്ക് പുതിയ സ്കൂളിൽ ഓൺലൈൻ വഴി പ്രിൻസിപ്പലായി പ്രവേശിക്കുവാൻ കഴിയുകയുള്ളൂ.

ഇതേ ഉത്തരവ് പ്രകാരം പ്രമോഷൻ ലഭിച്ച എച്ച്.എം/എ.ഇ.ഒ.മാർ, (www.hscap.kerala.gov.in/transfer) എന്ന വെബ്പേജ് വഴി ഓൺലൈനിൽ കൂടി തന്നെ പ്രിൻസിപ്പൽ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചതായി രേഖപ്പെടുത്തേണ്ടതാണെന്നും അറിയിക്കുന്നു.

സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ